# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4166** **16-12-2014 ലെ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ . ഈടാക്കുന്ന പലിശ സംബന്ധിച്ച പരാതി**

**ചോദ്യം**

**ശ്രീമതി. കെ.എസ്. സലീഖ**

**മറുപടി**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| **എ)** കെ.എസ്.എഫ്.ഇ യുടെ ടേണോവർ, നിക്ഷേപം, ലാഭം, അററാസ്തി ഓരോന്നും എത്ര കോടി രൂപ വീതമാണ്; പ്രസ്തുത സ്ഥാപനം എത്ര കോടി രൂപയുടെ വായ്പ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ; | **എ)** 2013 -2014 ൽ കെ.എസ്.എഫ്.ഇ.യുടെ ടേണോവർ 21,566 കോടി രൂപയും, നിക്ഷേപം 6015.82 കോടി രൂപയും, ലാഭം 175.66 കോടി രൂപയും അറ്റാസ്തി 347.27 കോടി രൂപയുമാണ്. സ്ഥാപനം 31.03.2014 ൽ 2920.13 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. (കണക്കുകൾ ഓഡിററിനു വിധേയം) |
| **ബി)** വായ്പകൾക്ക് കെ.എസ്.എഫ്.ഇ പലിശ, പിഴപ്പലിശ എന്നിവ കൂടുതലായിട്ടാണ് ഈടാക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം നൽകുമോ; | **ബി)** ഇതര സാമ്പത്തിക സ്ഥാപനങ്ങളുമായും ബാങ്കിങ്ങ് സ്ഥാപനങ്ങളുമായും താരതമ്യപ്പെടുത്തുമ്പോൾ കെ.എസ്.എഫ്.ഇ യുടെ വിവിധ വായ്പകൾക്ക് കൂടുതൽ പലിശയും പിഴപ്പലിശയും ഈടാക്കുന്നില്ല. വിവിധ വായ്പകൾക്കുള്ള പലിശ നിരക്ക് സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| **സി)** എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതു വരെ ഇത്തരത്തിലുള്ള എത്ര പരാതികൾ വകുപ്പിന് ഓരോ വർഷവും ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ; | **സി)** ഇതുസംബന്ധിച്ച് ലഭിച്ച പരാതികൾ ആവശ്യമായ നടപടികൾക്കായി കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ലഭിച്ച പരാതികളുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

| | |
|---|---|
| ഡി) കെ.എസ്.എഫ്.ഇ യുടെ ഇത്തരം ചൂഷണങ്ങളിൽ നിന്നും ഉപഭോക്താക്കൾക്ക് സഹായം ലഭിക്കാനായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ; | ഡി) കെ.എസ്.എഫ് ഇ ഇടപാടുകാരെ ചൂഷണങ്ങൾക്ക് വിധേയരാക്കുന്നില്ല. വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ കൂടുതൽ ജനോപകാരപ്രദമായി നൽകുകയും, നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നൽകുകയുമാണ് കെ.എസ്.എഫ്.ഇ ചെയ്തുവരുന്നത്. |
| ഇ) കെ.എസ്.എഫ്.ഇ യുടെ പ്രവർത്തന മേഖലയിൽ മുതലിനേക്കാൾ കൂടുതൽ പലിശ വാങ്ങുന്നത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; എന്ത് നടപടി സ്വീകരിച്ചുവെന്നും വിവിധ കോടതികളിൽ കെ.എസ്.എഫ്.ഇ യ്ക്ക് എതിരെ ഇത്തരത്തിൽ എത്ര കേസുകൾ നിലനിൽക്കുന്നുവെന്നും വ്യക്തമാക്കാമോ? | ഇ) കെ.എസ്.എഫ്. ഇ യിൽ ഹ്രസ്വകാല വായ്പകളിൽ മുതലിനേക്കാൾ പലിശ ഈടാക്കുന്നില്ല. എന്നാൽ ദീർഘകാല വായ്പയായി (15 വർഷം വരെ) അനുവദിച്ച് വരുന്ന ഭവന വായ്പയിൽ (NHFS Scheme) സ്വാഭാവികമായും മുതലിനേക്കാൾ പലിശ വരുന്നതാണ്.<br><br>കെ.എസ്.എഫ്.ഇ യുടെ പ്രവർത്തന മേഖലയിൽ മുതലിനേക്കാൾ കൂടുതൽ പലിശ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികൾ സംബന്ധിച്ചും വിവിധ കോടതികളിൽ കെ.എസ്.എഫ്.ഇ യ്ക്ക് എതിരെ ഇത്തരത്തിൽ നിലവിലുള്ള കേസുകൾ സംബന്ധിച്ചുമുള്ള വിവരം കെ.എസ്.എഫ്.ഇ.- യുടെ വിവിധ ബ്രാഞ്ചുകളിൽ നിന്ന് ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

| | | |
|---|---|---|
| 1 | Vidyadhanam Loan Scheme | 8% for (EWS)<br>13.50% p.a. simple diminishing |
| 2 | New Housing Finance Scheme<br>Up to Rs. 5 lakh<br>Above Rs.5 lakh and up to Rs.50 lakh<br>Up to the fixation of EMI | 10.25 % yearly diminishing<br>10.75 % yearly diminishing<br>14 % Simple |
| 3 | Gold Loan Up to and including Rs.10000/-<br>Above Rs.10000/- and including Rs.25 lakh | 11.25% p.a. Simple<br>13.25% p.a. Simple |
| 4 | Reliable Customer Loan | 13.25%Yearly diminishing |
| 5 | Special Car loan | 13.25 % monthly diminishing<br>(Up to 35 months)<br>15.25 % monthly diminishing<br>(36 to 60 months) |
| 6 | Pass Book Loan | 13.75% Simple |
| 7 | Haritham Schem | 14% p.a. simple diminishing |
| 8 | Sugama Akshaya Overdraft | 14.25% daily diminishing |
| 9 | Trade Finance Scheme | 14.25% p.a Simple |
| 10 | Tax Planning Scheme | 14.25 % p.a. |
| 11 | Flexy Trade Loan | 14.25% quarterly diminishing on product basis |

| | | |
|---|---|---|
| 12 | For Advance Payment of Chitty Prize Money | 14.25% Simple |
| 13 | Consumer / Vehicle Loan | 14.25% Simple |
| 14 | New Chitty Loan | 14.25% Simple |
| 15 | Fixed Deposit Loan | 2% above FD interest rate |